ശ്രീ. എ. ജെ. ജോൺ :

(എ) കടികിടപ്പുകാരിൽനിന്നും റജിസ്റ്റർ ചെയ്യുന്നതിനു് ഗവണ്മെണ്ടിലേക്കു് തിരുവനന്തപുരം ഡിസ്ട്രിക്ടിൽനിന്നു് ഫാറവ്വെം കോട്ടയം ഡിസ്ട്രിക്ടിൽനിന്നു് പുനരപേക്ഷകം കിട്ടിയിട്ടുണ്ടു്. അതിന്മേൽ ഗവണ്മെണ്ടു് വേണ്ട നടപടികൾ എടുത്തുവരുന്നു. കൊല്ലം ഡിസ്ട്രിക്ടിൽ എത്രപേർ അപേക്ഷിച്ചിട്ടുണ്ടു് എന്ന വിവരം ഇതുവരെ ഗവണ്മെണ്ടിനു് ലഭിച്ചിട്ടില്ല.

(ബി) വസ്തുഉടമസ്ഥന്മാർ കുടിയാന്മാരെ ഉപദ്രവിക്കുന്നു എന്നു കാണിച്ചു് പല പരാതികളും ഗവണ്മെണ്ടിലേക്കു ലഭിക്കാറുണ്ടു്. ഈ പരാതികൾ വേണ്ടതു ചെയ്യുന്നതിനു് ഇൻസ്പെക്ടർ ജനറാൾ ഓഫ് പോലീസിനു അയച്ചുകൊടുക്കാറുണ്ടു്.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

കുത്തകപാട്ടത്തിനാവശ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ

*വ ൪ . (൨൨) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

സാധുക്കളായ തൊഴുകൈ കൃഷി ആവശ്യത്തിലേക്കായിട്ടു് ഗവണ്മെണ്ടുവക സ്ഥലങ്ങൾ കുത്തകപ്പാട്ടത്തിനാവശ്യപ്പെട്ടിട്ടുണ്ടോ; അപ്രകാരമുള്ള അപേക്ഷകൾക്കു് അവർക്കു ഒരു മറുപടിയും കിട്ടുന്നില്ല എന്ന പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ :

ഉണ്ടു്. പരാതി ഉണ്ടായിട്ടില്ല.

ഗ്രഡേഷൻ ലിസ്റ്റു്

*വ ൪൩: (൨൩) ശ്രീ. കെ. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പിന്നാക്ക ഹെൽത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെണ്ടിലെ ഗ്രഡേഷൻ ലിസ്റ്റു് തയ്യാറായോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിനു് കാരണമെന്തു്?

ശ്രീ. എ. ജെ. ജോൺ :

(എ) ഇല്ല.

(ബി) താല്ക്കാലിക ഗ്രഡേഷൻ ലിസ്റ്റു് സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കുകയാണു്.

പുതിയ ഹൈസ്കൂളിനുള്ള അപേക്ഷ

*വ ൪൪. (൨൪) ശ്രീ. ശങ്കരൻ നാടാർ : താഴെ പറയുന്ന ചോദ്യത്തിനു്, ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

നെയ്യാറിൻകര താലൂക്കിൽ പ്ലാത്താങ്കര എന്ന സ്ഥലത്തു ലക്ഷ്മണൻ നാടാരുടെ മാനേജ്മെണ്ടിൽ നടത്തിവരുന്ന ഇ. എം. സ്കൂളിനെ മാറ്റി ഇ. എച്ചു്. സ്കൂളാക്കുന്നതിനു് അനുവാദത്തിനായി അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

ഉണ്ടു്.

ക്ഷയരോഗനിവാരണകേന്ദ്രം

*വ ൪൫. (വ്യ൨) ശ്രീമതി ദേവകീ ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യാഗവണ്മെണ്ടു് തിരുവനന്തപുരത്തു ഒരു ക്ഷയരോഗനിവാരണകേന്ദ്രം സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) അതു് എന്നത്തേക്കു നടപ്പിലാകുമെന്നു പറയാമോ;

(സി) അതിലേക്കു ഇൻഡ്യാഗവണ്മെണ്ടു് എത്ര തുകയാണു് ചിലവുചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly